## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 26.04.2025 മുതൽ 30.04.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 17/2025 (33) വെള്ളിയാഴ്ച | തീയ്യതി 25/04/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 26.04.2025 | 27.04.2025 | 28.04.2025 | 29.04.2025 | 30.04.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 3 | 1 | 0.7 | 2 | 3 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 290 | 320 | 290 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 6 | 8 | 7 | 6 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിക്കും ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

2025 ഏപ്രിൽ 25, 26 തീയതികളിൽ ജില്ലയിൽ പരമാവധി താപനില 36 ഡിഗ്രി സെൽഷ്യസ് ആകാൻ സാധ്യതയുണ്ട്. ഉയർന്ന താപനിലയും ഈർപ്പവും കാരണം കുന്നിൻ പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ചൂടും, ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്..

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | കെട്ടുകലക്കി ചെമ്മീൻ കൃഷി അവസാനിപ്പിച്ച് പാടം വറ്റിച്ച് ഉുമ്പുകളും പുറം ബണ്ടുകളും ശക്തമാക്കിയ ശേഷം നെൽകൃഷിക്കായുള്ള കൂനയെടുക്കൽ ആരംഭിക്കുകയും വിത്ത് ശേഖരിച്ചുവെക്കുകയും ചെയ്യുക. |
| നെല്ല് | പരിപാലനം | മത്തി-ശർക്കര മിശ്രിതം 6 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക, കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ മാലത്തയോൺ 50 EC 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കുക |
| തെങ്ങ് | പരിചരണം | മഴ തുടങ്ങുന്നതിന് മുൻപായി തടം തുറന്ന് ഓരോ തെങ്ങിനും ഓരോ കിലോ കുമ്മായം എന്ന തോതിൽ ഇട്ടുകൊടുക്കുക |
| മഞ്ഞൾ / ഇഞ്ചി | മൂടുചീയൽ രോഗം | നിലം ഒരുക്കുന്ന സമയത് സെന്റിന് രണ്ടു മുതൽ മൂന്ന് വരെ കിലോഗ്രാം കുമ്മായം ഇടാവുന്നതാണ്. മൂടുചീയൽ രോഗത്തിന് എതിരെ മുൻകരുതലായി വിത്തുകൾ 0.3 ശതമാനം മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കി വെച്ച ശേഷം നടുക. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം / കമ്പോസ്റ്റ് ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം:- തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്ക എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS KVASU, Mannuthy)